# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി4 - 230/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി4 - 230/2022 തീയ്യതി: 09/03/2022

## പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയലക്ഷ്മി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ:ഗ്രേ) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ രഞ്ജീവ് വി.കെ,ഓഡിറ്റ് ഓഫീസർ (ഹ:ഗ്രേ)
2. ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി. സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ജി.സുനിൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജേഷ് കുമാർ ആർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജേഷ് കുമാർ ആർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ബിനോയ് ജോൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ജിഷ സുജാതൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ ആർ. | VEO | 01-04-2019 | 31-03-2020 |
| ശ്രീമതി ബിൻസി ആർ | LVEO | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രിയ ഐ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മേരി ജസ്സി ഡിക്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗിരിജകുമാരി | ICDSസൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| റസീന എച്ച് | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീബ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 18-06-2019 |
| ശ്രീമതി ബിന്ദു ദേവി ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-06-2019 | 31-03-2020 |
| ഡോ.ബെറ്റി.വി.എസ്. | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: SINDHUMOL V N (Auditor, On 18-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-10 |
| 11 | ഇ ടെണ്ടർ ഫീസ് തനത് ഫണ്ടിൽ നിക്ഷേപിച്ചില്ല<br>Written By: Ranjeev V.K (Audit Officer (HG), On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-03-2022) | 1-11 |
| 12 | ബാരൽ വില ഓഡിറ്റ് നിർദേശത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ അടച്ചു<br>Written By: Ranjeev V.K (Audit Officer (HG), On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-12 |
| 13 | ടെണ്ടർ ഫോറം - സ്റ്റോക്ക്, വില്പന രജിസ്റ്റർ ഇല്ല<br>Written By: Ranjeev V.K (Audit Officer (HG), On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-13 |
| 14 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഒടുക്കിയത് ക്രമീകരിച്ചില്ല<br>Written By: SINDHUMOL V N (Auditor, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 1-14 |
| 15 | ലൈസൻസ് ഫീസ് തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 21-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-03-2022) | 1-15 |
| 16 | ദുരിതാശ്വാസ നിധി അക്കൗണ്ട് നിഷ്ഫലം<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 1-16 |
| 17 | ഗുണഭോക്തൃവിഹിതം തനത് ഫണ്ടിൽ ശേഷിക്കുന്നു.<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 1-17 |

| | | |
|---|---|---|
| 18 | വിവിധ പദ്ധതികൾക്ക് ലഭിച്ച ഒരു കോടിയിൽപ്പരം ഫണ്ട് ലാപ്സാക്കി<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-03-2022) | 1-18 |
| 19 | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - കുടിശ്ശികയിന്മേൽ നടപടിയില്ല<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-03-2022) | 1-19 |
| 20 | ശിങ്കാരിമേളം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-20 |
| 21 | ഗവൺമെന്റ് എൽ.പി.എസിന് പ്രിന്റർ - കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 1-21 |
| 22 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-22 |
| 23 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി - പൂർത്തിയാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 20-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-23 |
| 24 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം<br>Written By: SINDHUMOL V N (Auditor, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 1-24 |
| 25 | സെൽഫ് ഡിക്ളറേഷൻ ഫാറമില്ലാതെ കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ<br>Written By: Ranjeev V.K (Audit Officer (HG), On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-25 |
| 26 | നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa S (Asst. Audit Officer, On 19-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa S (Asst. Audit Officer, On 19-02-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa S (Asst. Audit Officer, On 19-02-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa S (Asst. Audit Officer, On 19-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 19-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 25.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റി അംഗീകരിച്ചു. 13.03.2020-ൽ റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയിട്ടുണ്ട് എന്നാൽ ഭേദഗതി സംബന്ധിച്ച വിശദവിവരം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

2019-20 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-4 :- Contributions For Joint Venture Projects - 320700105, 320700204, 320700205, 320700404 എന്നീ ഹെഡ്ഡുകളിലെ നീക്കിയിരിപ്പ് തുക (4537657) ഷെഡ്യൂൾ B17, RP 40(B) എന്നീ ശീർഷകങ്ങളിലെ തുകയുമായി (4704670) പൊരുത്തപ്പെടുന്നില്ല.
2. ഷെഡ്യൂൾ ബി-5 :- Secured Loans നീക്കിയിരിപ്പ് തുകയും ഷെഡ്യൂൾ B16 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ 300000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. ഷെഡ്യൂൾ ബി-11 :- Fixed Asset നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഇല്ല.
4. ഷെഡ്യൂൾ ബി-14 :- ശീർഷകം 430100102 Stock In Hand 4330 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഇല്ല.
5. ഷെഡ്യൂൾ ബി-18 Loans, Advances And Deposits :- 460500201, 460500202, 460500205 ശീർഷകങ്ങൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഇല്ല.
6. ഷെഡ്യൂൾ-I-6:- വികസനഫണ്ട് (ജനറൽ), ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) തുകകൾ സുലേഖ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7. ദുരിതാശ്വാസനിധിയുടെ പാസ്സ് ബുക്ക് പ്രകാരം 1276 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ധനകാര്യപത്രിക പ്രകാരം RP 40(B) ഇത് 1244 ആണ്.
8. RP-7 വികസനഫണ്ട് (ജനറൽ, എസ് സി പി) തുകകൾ സുലേഖ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല
9. കേരള വാട്ടർ അതോറിറ്റിയുടെ 2020 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 574734 രൂപയാണ് കുടിശ്ശിക കാണിച്ചിരിക്കുന്നത്. എന്നാൽ AFS B-9 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ 1644238 രൂപ കുടിശ്ശികയുള്ളതായി കാണിച്ചിരിക്കുന്നു.
10. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചായ സോഫ്റ്റ്വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
11. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കണക്കുകൾ വാർഷികധനകാര്യ പത്രികയുമായി പെരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5978808 |
| വരവ് | 44342858 |
| ആകെ | 50321666 |
| ചെലവ് | 39932208 |
| നീക്കിയരിപ്പ് | 10389458 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 12969000 | 12969000 | 5486846 | 1874154 | 5608000 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 3012000 | 3012000 | 2027414 | 104000 | 880586 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 106000 | 106000 | 70000 | 0 | 36000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4860198 | 4860198 | 1981103 | 100000 | 2779095 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13845000 | 13845000 | 7795589 | 5131000 | 918411 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 1494995 | 578000 | 1178005 |

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ ഇ ജി എസ് | 7723 | 12384982 | 12392705 | 12392705 | 0 |
| ഐ.സി.ഡി.എസ്. | 230178 | 361682 | 591860 | 327632 | 264228 |

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 1700000 | 1700000 | 1700000 | 0 |

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

1) വികസന ഫണ്ട് ജനറൽ, എസ്.സി.പി ഇനങ്ങളിൽ സ്രോതസിൽ കുറവ് ചെയ്തതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിവേണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 12969000 | 11934522 | 1034478 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 328500 രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 676471 രൂപ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക- 29104 KSEB യ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക- 403 എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 3012000 | 2953176 | 58824 | ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 58824 രൂപ സോഴ്സ് ഡിഡക്ഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 182 | 74804191 | 92 | 27526398 | 90 | 36.8 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്റ്റുകളിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ 50.5% പ്രോജക്റ്റുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 36.8% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7723 | 1261028 | 1268751.5 | 1268751.5 | 0 |
| എം.ജി.എൻ.ആർഇ..ജി.എസ് - തൊഴിലാളികളുടെ വേതനം | | 11123954 | 11123954 | 11123954 | |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 318 | 1126200 |
| 2. | വാർദ്ധക്യകാല പെൻഷൻ | 1078 | 4019100 |
| 3. | വിധവാ പെൻഷൻ | 433 | 1536000 |
| 4. | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 169 | 3184875 |
| 5. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 82800 |
| 6. | തൊഴിൽരഹിതവേതനം | 13 | 18240 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2022, 11.30-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,086 (മുപ്പതിനായിരത്തി എൺപത്തിയാറ് ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്

1.രേഖകളുടെ സൂക്ഷിപ്പ്: ഫയലുകളും, രേഖകളും, രജിസ്റ്ററുകളും, ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്.

2.രജിസ്റ്ററുകൾ .

ആസ്തി സംരക്ഷണം : ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

ഡിപ്പോസിറ്റ് രജിസ്റ്റർ - ഡിപ്പോസിറ്റ് രജിസ്റ്ററിൽ 31.03.20-ന് ലാപ്സായ തുക ഉൾപ്പെടെയുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാലഹരണപ്പെട്ട ഡിപ്പോസിറ്റ് തുകകൾ തനതുഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല
ഫണ്ട് വിനിയോഗം
വിവിധ പദ്ധതികൾക്ക് സർക്കാർ അനുവദിച്ച ഒരു കോടിയിൽപ്പരം ഗ്രാന്റുകൾ ആസൂത്രണത്തിലെയും നിർവഹണത്തിലേയും ന്യൂനതകൾ കാരണം തൻവർഷം ലാപ്സായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2017 മുതൽ 07.09.2017 വരെ | 2012-13 മുതൽ 2016-17 വരെ | 02.11.2017 |
| പെർഫോർമൻസ് ഓഡിറ്റ് | 28.10.2021 മുതൽ 29.10.2021 വരെ | 11/2019 മുതൽ 03/2021 വരെ | 14.12.2021 |

## 1-11 ഇ ടെണ്ടർ ഫീസ് തനത് ഫണ്ടിൽ നിക്ഷേപിച്ചില്ല

ഇ ടെണ്ടർ ഫീസ് 66124 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചില്ല. തുക ഓഡിറ്റ് സമയത്തും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ തുടരുകയാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രോജക്ടുകളുടെ ഇ ടെണ്ടർ ഫീസാണിത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരവായതിനാൽ അടിയന്തരമായി തുക തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വെക്കേണ്ടതാണ്. തുക തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഉടൻ കത്ത് നല്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ഇ ടെണ്ടർ ഇടപാടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ സർക്കാർ നിർദേശിച്ചിരുന്നു. ആ നിർദേശം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന് പാൻകാർഡില്ലാത്തതിനാൽ അക്കൗണ്ട് എടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണമറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. അത്തരം സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഇ ടെണ്ടർ ഇടപാടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ബാരൽ വില ഓഡിറ്റ് നിർദേശത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ അടച്ചു

ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽ കുറവ് ചെയ്യാതിരുന്ന ബാരൽ വിലയിൽ 3808 രൂപയും ജിഎസ് ടിയും ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചു.

2019-20ൽ നടപ്പാക്കിയ മൂന്ന് ടാറിംഗ് പ്രോജക്ടുകളിൽ ബാരൽ വില കുറവ് ചെയ്യാതെയാണ് കരാറുകാരുടെ ബിൽ തീർപ്പാക്കിയത്. ഇതിൽ രണ്ട് പ്രോജക്ടുകളുടെ ബാരൽ വിലയും ജി എസ് ടിയുമാണ് ഓഡിറ്റ് അന്വേഷണ (04/10.2.2022) ത്തെ തുടർന്ന് പ്രവർത്തി കരാറുകാരൻ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത്. ഈ തുക ബന്ധപ്പെട്ട ട്രഷറി ശീർഷകങ്ങളിൽ ഒടുക്കി ചെല്ലാൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ബാരൽ വില ഈടാക്കാൻ അവശേഷിക്കുന്ന തുക 3094 രൂപയും അതിന്റെ ജിഎസ് ടിയും കരാറുകാരനിൽ നിന്നോ ബാരൽ വില കുറയ്ക്കാതെ ബില്ല് തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

| പ്രോജക്ട് | കരാറുകാരൻ | ചെലവ് | ഉപയോഗിച്ച ബാരൽ എണ്ണം. | ബാരൽ വില (238 രൂപ നിരക്കിൽ | ജിഎസ് ടി (18%) | ഓഡിറ്റ് നിർദേശത്തെ തുടർന്ന് ബാരൽ വില ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിവരം. |
| പ്രോജക്ട് 144/20 : എട്ടടി പടി അഭിലാഷ് പടി റീ ടാറിംഗ്. എം.ബുക്ക് 66/18-19 | സഞ്ജു.ജി | 384705 രൂപ ബില്ല് 19050752006900351785 /17.07.19 | 13 | 3094 | 557 | ഒടുക്കിയിട്ടില്ല. |
| പ്രോജക്ട് 149/20: പുതുശ്ശേരിപടി-പുതുക്കുടിപടി റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ്. എം.ബുക്ക് 64/18-19 | എ.എസ് അനിയൻ പിള്ള | 542794 രൂപ. JJ 05558 9/29.7.19 | 7 | 1666 | 300 | രസീത് 1210201384/ 11.02.2022- 1666 രൂപ രസീത് 1210201386/ 11.02.2022- 300 രൂപ |
| പ്രോജക്ട് 150/20: കാർണ്ണശ്ശേരി വെള്ളൂർ പടി റോഡ് ടാറിംഗ്, കല്ലുകെട്ട്. എം.ബുക്ക് 65/18-19 | എ.എസ് അനിയൻ പിള്ള | 503165 രൂപ. ബിൽ 19050752006900401125 29.07.19 | 9 | 2142 | 386 | രസീത് 1210201385/ 11.02.2022- 2142 രൂപ രസീത് 1210201387/ 11.02.2022- 386 രൂപ. |
| ഒടുക്കുവാൻ ബാക്കിയുള്ള ബാരൽ വില 3094 രൂപ, ജി.എസ്.ടി 557 രൂപ | | | | | | |

## 1-13 ടെണ്ടർ ഫോറം - സ്റ്റോക്ക്, വില്പന രജിസ്റ്റർ ഇല്ല

മാന്വൽ ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് വില്പന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടെണ്ടർഫോറവില ഫ്രണ്ട് ഓഫീസിലാണ് സ്വീകരിക്കുന്നതെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറാണ് ടെണ്ടർ ഫോറം നൽകുന്നത്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളിൽ 99% മാന്വൽ ടെണ്ടർ വഴിയാണ്. അതിനാൽ ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് വില്പന രജിസ്റ്റർ സൂക്ഷിക്കാത്തത് വലിയ വീഴ്ചയാണ്. രജിസ്റ്ററില്ലാത്തതിനാൽ പ്രോജക്ടുകളുടെ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാർ ആരൊക്കെയാണെന്ന് വ്യക്തമല്ല. ടെണ്ടർഫോറ വില്പന വിശദീകരിക്കുന്ന അടിസ്ഥാന രജിസ്റ്റർ ഇല്ലാത്തത് ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ നടപടികളിൽ സുതാര്യത ഇല്ലാതാക്കി.

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച് 24.08.2019-ൽ 350, 31.01.2020 ൽ 200 എന്നിങ്ങനെ 2019-20 ൽ ആകെ 550 ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനിയർ കൈപ്പറ്റിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക്, വില്പന രേഖകളാണ് സൂക്ഷിക്കാഞ്ഞത്.

രജിസ്റ്റർ ഇല്ലാത്തതിനാൽ എത്ര ഫോറം വിറ്റു, എത്രയെണ്ണം സ്റ്റോക്കിൽ അവശേഷിക്കുന്നു എന്നീ വിവരങ്ങൾ ഇല്ല. രജിസ്റ്റർ അവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.02.2022) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. "ഇനി മുതൽ ശ്രദ്ധിക്കുന്നതാണ്. ടെണ്ടർ ഫയൽ കൃത്യമായി സൂക്ഷിച്ചത് ഓഡിറ്റിന് ഹാജരാക്കുന്നു"- എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകി. ടെണ്ടർ ഫോറ വില്പനയുടെ പൂർണ്ണവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അതിനാൽ സ്റ്റോക്ക് വില്പന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

രസീത് പോലെ തന്നെ ഉയർന്ന പണമൂല്യമുള്ള ടെണ്ടർ ഫാറ വില്പനയിൽ ഗൗരവും ജാഗ്രതയുമില്ലാത്തത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ച കൂടിയാണ്. അതിനാൽ ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-14 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഒടുക്കിയത് ക്രമീകരിച്ചില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഒടുക്കിയത് ക്രമീകരിച്ചില്ല. വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | വാർഡ് നം/ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി |
|---|---|---|---|
| ബി.എസ്.എൻ.എൽ. തിരുവല്ല | 6, 360/A | 6.46 | 4652 രൂപ |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/18.02.2022) മറുപടിയായി വസ്തുനികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടും തുക അടയ്ക്കാത്തതിനാൽ റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതും എന്നാൽ പ്രസ്തുത നടപടി പൂർത്തിയാക്കുന്നതിനു മുൻപായി 23/12/2021 ൽ സ്ഥാപനം പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് 4652 രൂപ (4070+ഫൈൻ തുക) ഓൺലൈനായി ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

റെവന്യൂ റിക്കവറിയുടെ തീരുമാനം കളക്ടറേറ്റിൽ നിന്ന് ലഭിച്ച ശേഷം തനത് ഫണ്ട് അക്കൗണ്ടിൽ കിടക്കുന്ന വസ്തു നികുതി തുക സഞ്ചയ സോഫ്റ്റ് വെയറിൽ വരവ് വെച്ച് വാർഷിക കണക്കിലെ B15 ഷെഡ്യൂളിൽ നിന്ന് മാറ്റേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 2 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. നെടുമ്പ്രം ക്ഷീരോല്പാദക സഹകരണ സംഘം

2. നെടുമ്പ്രം ഈസ്ററ് ക്ഷീരോല്പാദക സഹകരണ സംഘം

മേൽ പറഞ്ഞ ക്ഷീരോല്പാദക സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ദുരിതാശ്വാസ നിധി അക്കൗണ്ട് നിഷ്ഫലം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും ഫണ്ട് വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നിരാലംബരെ സഹായിക്കുന്നതിന് ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അതിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് നിധിയിൽ പണമില്ല. 2020 മാർച്ച് 31 ലെ കണക്കനുസരിച്ച് 1276 രൂപ മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. കോവിഡ് മഹാമാരിയും പ്രളയദുരിതങ്ങളും നേരിടുന്ന ഈ കാലഘട്ടത്തിൽ സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് നിരാലംബരായവർക്ക് സഹായം നൽകുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഗുണഭോക്തൃവിഹിതം തനത് ഫണ്ടിൽ ശേഷിക്കുന്നു.

പ്രോജക്ടുകളുടെ ഭാഗമായി ഒടുക്കിയിട്ടുള്ള ഗുണഭോക്തൃവിഹിതം, പദ്ധതി നിർവ്വഹണത്തിന് നാളിതു വരെയും നിർവഹണ ഉദ്യോഗസ്ഥർ തിരികെ ആവശ്യപ്പെടാത്തതിനാൽ മുൻ വർഷങ്ങളിൽ ലഭിച്ച 23300 രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ശേഷിക്കുന്നത്. ടി തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 വിവിധ പദ്ധതികൾക്ക് ലഭിച്ച ഒരു കോടിയിൽപ്പരം ഫണ്ട് ലാപ്സാക്കി

ഗ്രാമപഞ്ചായത്തിന് 2019-2020 സാമ്പത്തിക വർഷം പദ്ധതി നിർവഹണത്തിനായി സർക്കാർ അനുവദിച്ച തുകയിൽ 11400097 രൂപ ചെലവഴിക്കാതെ ലാപ്സാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ ലഭിച്ച തുക | ചെലവ് | നീക്കി ബാക്കി | |
|---|---|---|---|---|
| | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 12969000 | 5486846 | 1874154 | 5608000 |
| വികസനഫണ്ട് (എസ്.സി.പി) | 3012000 | 2027414 | 104000 | 880586 |
| വികസനഫണ്ട് (ടി.എസ്.പി) | 106000 | 700000 | 0 | 36000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 4860198 | 1981103 | 100000 | 2779095 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 13845000 | 7795589 | 5131000 | 918411 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3251000 | 1494995 | 578000 | 1178005 |
| ആകെ | | | | 11400097 |

ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതു മൂലമാണ് ഇത്തരത്തിൽ ഭീമമായ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. സർക്കാർ തലത്തിൽ നിന്ന് നാടിന്റെ വികസനക്ഷേമപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ലാപ്സാക്കുന്നത് നാടിന്റെ പുരോഗതിയേയും ജനങ്ങളുടെ സുസ്ഥിരതയേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധോദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - കുടിശ്ശികയിന്മേൽ നടപടിയില്ല

2019-20 സാമ്പത്തികവർഷം പ്രോജക്ട് നമ്പർ 85/2020 ലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകുന്നതിനായി മെയിന്റനൻസ് ഫണ്ട് – നോൺറോഡിൽ നിന്നും 343000 രൂപ ചെലവഴിച്ചിട്ടുണ്ട്. 98 'ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ 42875 രൂപ ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ മാസം തോറും അടയ്ക്കുന്നുമുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ 2020 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 574734 രൂപ കുടിവെള്ളക്കരം ഒടുക്കാനുണ്ട്. കുടിശ്ശിക ഒടുക്കു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11/2019-20 Dtd 14.02.2022) കുടിശ്ശിക ഒടുക്കുന്നതു സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും വിവരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 ശിങ്കാരിമേളം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല

കുടുംബശ്രീ യൂണിറ്റുകൾക്ക് ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങൾ വാങ്ങലും എന്ന പ്രോജക്ടിനായി (S0134/13) പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 30.03.2013-ൽ (567513 നം ഡി.ഡി.) 125000 രൂപ പഞ്ചായത്തിന് ലഭിച്ചിരുന്നു. എന്നാൽ ടി തുക നാളിതുവരെ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പാക്കാതിരുന്നതിനാൽ ലഭിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-17 ൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായതിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഗവൺമെന്റ് എൽ.പി.എസിന് പ്രിന്റർ - കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല

ഓഡിറ്റ് വർഷം ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി പൊടിയാടി ഗവൺമെന്റ് എൽ.പി.എസിന് ലാപ്ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 60641 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | ചെലവഴിച്ച തുക | ഫണ്ടിനം | ബിൽ നമ്പർ/തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 88/2019-20 ഗവൺമെന്റ് എൽ.പി.എസിന് ലാപ്ടോപ്പ്, പ്രിന്റർ | 60641 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8/2019-20 Dtd 16.12.2019 |

45790 രൂപയ്ക്ക് 2 ലാപ്ടോപ്പുകൾ ലഭിച്ചെങ്കിലും (2x22895) പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല. കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/2019-20 Dtd 09.02.2022) കോവിഡ് വ്യാപനത്തോടനുബന്ധിച്ചുള്ള ലോക്ക് ഡൗൺ കാരണം 14851 രൂപയ്ക്ക് പ്രിന്റർ നൽകാനാവില്ലെന്ന് കെൽട്രോണിൽ നിന്ന് അറിയിച്ചതിനാൽ തുക തിരികെ ഈടാക്കുന്നതിന് 22.11.2021 ൽ കെൽട്രോണിന് കത്തു നൽകിയിട്ടുള്ളതായി നിർവഹണോദ്യോഗസ്ഥ അറിയിച്ചു. പ്രിന്ററിന്റെ വിലയിനത്തിൽ സ്ഥാപനം ഈടാക്കിയിട്ടുള്ള 14851 രൂപ തിരികെ ഈടാക്കിയശേഷം കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല

2019-20 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധയിയുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് 48334 രൂപ KMSCL ന് മുൻകൂറായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നേ

| പ്രോജക്ട്നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 01/2020 പാലിയേറ്റീവ് കെയർ പദ്ധതി | 48334 | 20/2019-20 Dtd 19.03.2020 |

പ്രസ്തുത ബിൽ പ്രകാരം നൽകിയിട്ടുള്ള തുകയുടെ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. ആയവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09.02.2019-20 Dtd 14.02.2022) മരുന്നുകൾ ലഭ്യമാക്കുന്നതിന് 15.02.2022 ന് സ്ഥാപനത്തിന് കത്തു നൽകിയിട്ടുണ്ട് എന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മരുന്നുകളും ഉപകരണങ്ങളും ലഭിച്ച വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി - പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് 2019-2020 സാമ്പത്തിക വർഷം വരെ ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി പ്രകാരം കരാറിലേർപ്പെട്ട് ധനസഹായം നൽകിയ ഗുണഭോക്താക്കളിൽ 4 പേർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേരും മേൽവിലാസവും | കരാർ തീയതി | നൽകിയ തുക | വിഭാഗം |
|---|---|---|---|---|
| 1 | TP ശാരദാമ്മാൾ<br>കിഴക്കേ വീട്<br>പൊടിയാടി | 09.07.2018 | 300000 | ജനറൽ |
| 2 | ഉഷ<br>ശ്രീജേഷ് ഭവൻ<br>കല്ലുങ്കൽ1 | 14..08.2018 | 350000 | ജനറൽ |
| 3 | മണി VC<br>വാല്യപറമ്പിൽ<br>കല്ലുങ്കൽ | 07.11.2019 | 200000 | എസ്.സി |
| 4 | ശശികല<br>കണ്ടനടിച്ചിറ<br>നെടുമ്പ്രം | 03.02.2020 | 200000 | എസ്.സി |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർവഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/2019-20 Dtd 14.02.2022) ടി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നോട്ടീസ് അയച്ചതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടരാത്ത പക്ഷം നാളിതുവരെ നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം

ഗ്രാമപഞ്ചായത്തിൽ ആകെ 15 അങ്കണവാടികളുണ്ട്. അതിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 4 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു അങ്കണവാടിയ്ക്ക് സ്ഥലം വാങ്ങി കെട്ടിടത്തിന്റെ പണി ഇപ്പോൾ

നടന്നു കൊണ്ടിരിക്കുന്നു. 15 അങ്കണവാടികളിലും കുടിവെള്ളം, ഗ്യാസ് കണക്ഷൻ, ഫർണിച്ചറുകൾ, പാത്രങ്ങൾ, ടി.വി, ലാപ് ടോപ് എന്നിവയുണ്ട്. 11 അങ്കണവാടികളിൽ മാത്രമാണ് വൈദ്യുതി, ടോയ് ലെറ്റ് എന്നിവ ലഭ്യമായിട്ടുള്ളത്. 5 അങ്കണവാടികൾക്ക് ചുറ്റുമതിലില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും ചുറ്റുമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, 15 അങ്കണവാടികൾക്കും ശിശു സൗഹൃദ ടോയ് ലെറ്റ്, ശിശു സൗഹൃദ പെയിന്റിംഗ് എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികൾക്ക് സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

### 1-25 സെൽഫ് ഡിക്ളറേഷൻ ഫാറമില്ലാതെ കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ

സർക്കാർ ഉത്തരവ് നിർദേശിക്കുന്ന സെൽഫ് ഡിക്ളറേഷൻ ഫാറം തയ്യാറാക്കാതെ കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകി. 2019-20-ൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ 19, 23, 30, 31, 32, 35, 36, 38, 46, 47, 48, 108, 114, 117, 168, 175 എന്നീ നമ്പരുകളിലുള്ള 16 പുതിയ മരാമത്ത് പ്രോജക്ടുകൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ നല്കിയത്. സ.ഉ(അച്ചടി)87/2017/തസ്വഭവ, 01.11.2017, സ.ഉ(സ.ധ)2532/2018/തസ്വഭവ, 29.09.2018 എന്നീ ഉത്തരവുകളിലെ നിർദേശം പാലിച്ച് കോമ്പൻസേഷൻ നല്കിയ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ, സെൽഫ് ഡിക്ളറേഷൻ ഫോറം എന്നിവ പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉത്തരവ് പാലിക്കാതെ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (13/15.2.2022) സെൽഫ് ഡിക്ളറേഷൻ വാങ്ങുന്നതിന് അറിവുണ്ടായിരുന്നില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകി. സർക്കാർ ഉത്തരവുകളിലെ നിർദേശം വരും വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

### 1-26 നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല

മരാമത്ത് പ്രോജക്ടുകളിൽ നിന്നും കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചപ്പോൾ കളക്ഷൻ ചാർജ് ഈടാക്കിയില്ല.

കേരള കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി നിയമം, സെക്ഷൻ 3(3) അനുസരിച്ച് ഈടാക്കുന്ന ക്ഷേമനിധി വിഹിതത്തിന്റെ 1% ഗ്രാമപഞ്ചായത്തിന് കളക്ഷൻ ചാർജ് എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരവാണിത്.

നിയമം അനുസരിച്ച് കളക്ഷൻ ചാർജ് ഈടാക്കിയില്ല.തനത് വരവ് നഷ്ടപ്പെടുത്താതെ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹാതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 480000 | ലൈഫ് (ജനറൽ) (So) 155/20 | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 2840000 | ലൈഫ് (ജനറൽ) (52/2020) | 0 | 2840000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാരം (61/20) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (62/20) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ (70/20) | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (77/20) | 14215s | 85785 |
| പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് | 858000 | ലൈഫ് (ജനറൽ) 52/20 | 858000 | 0 |
| പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് | 140000 | ലൈഫ് (എസ്.സി.പി) (So) 156/20 | 140000 | 0 |
| പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് | 463311 | സാന്ത്വനം (91/2020) | 463311 | 0 |
| പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് | 86790 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (62/20) | 86790 | 0 |
| പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (77/20) | 100000 | 0 |
| പുളികീഴ് ജില്ലാ പഞ്ചായത്ത് | 100000 | ലൈഫ് (എസ്.സി.പി) (So) 156/2020 | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| പദ്ധതി | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷത്തേതുൾപ്പെടെ തിരിച്ച്ടയ്ക്കാനുണ്ടായിരുന്ന ആകെ വായ്പ എടുത്തിട്ടുള്ള വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവനപദ്ധതി | GO(MS)68/ 18.05.18 | 7232392 | 2640000 | 9872392 | 735295 | 9137097 |

2392 രൂപ 29.11.2019 ലെ 195494-ാം നമ്പർ ചെക്ക് പ്രകാരം റീഫണ്ട് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപം

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | 31.03.2020 നുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നെടുമ്പ്രം | 28.11.2019 | 6 Months | 636588 | 661389 |

| FD 1772 | | | | |
|---|---|---|---|---|

പലിശയിനത്തിൽ 24801 രൂപ തൻവർഷം വരവ് ഉണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2.2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50321666 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39932208 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ |
|---|---|---|

| വർഷം | | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 | 9 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02 തീയതി:13.05.02 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി4-705/03 തീയതി:02.06.04 | 6 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി4-486/03 തീയതി:13.10.03 | 6 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി4-487/03 തീയതി:13.10.03 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി4-21/05 തീയതി:25.07.05 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4/361/05 തീയതി:10.02.06/30.03.06 | 31 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5-484 /07തീയതി:21.02.08/29.03.08 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6-254/11 തീയതി:04.10.11/09.02.12 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6-255/11 തീയതി:04.10.11/01.09.12 | 10 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ/പി-11-992/12 തീയതി:01.01.12/04.07.13 | 15 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016 തീയതി 16.07.2016 | 5 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി 10.01.2017 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17 തീയതി 16.08.17 | 28 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4/128/19 തീയതി 02/03/19 | 31 |
| 2018-19 | .എസ്.എ.പി.റ്റി.എ.പി4/161/20 തീയതി 16/03/20 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ:ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്